"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ വയനാട് മേപ്പാടി ഉരുൾപ്പൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം അംഗീകരിച്ച പദ്ധതികളുടെ പൂർത്തീകരണത്തിന് ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1264/2025/LSGD തീയതി,തിരുവനന്തപുരം, 23-05-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 1527/2024/എൽ.എസ്. ജി.ഡി. തീയതി 14. 08.2024

2. സ.ഉ.(സാധാ) നം.2235/2024/LSGDതിയതി. 19.11.2024

3. MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 25.03.2025-ലെ NREGA/1135/2024-C3നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിൽ ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, ദുരന്തബാധിത പ്രദേശങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പുനരുദ്ധാരണ പ്രവൃത്തികൾ കൂടുതലായി ഏറ്റെടുക്കുന്നതിന് ഉതകുന്ന വിധത്തിൽ വേതന-സാധന ഘടകങ്ങളുടെ അനുപാതം ഗ്രാമ പഞ്ചായത്ത് തലത്തിൽ 60:40 ആയിരിക്കണമെന്ന നിർദ്ദേശം പാലിക്കുന്നതിൽ നിന്നും മേപ്പാടി ഗ്രാമ പഞ്ചായത്തിനെ 2024-25 സാമ്പത്തിക വർഷത്തേക്ക് ഒഴിവാക്കി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പരാമർശിത ഉത്തരവ് (2) പ്രകാരം നിലവിൽ അനുവദനീയമായ തസ്തികയ്ക്ക് പുറമെ ഒരു അക്രഡിറ്റഡ് എഞ്ചിനീയർ, ഒരു ഓവർസീയർ, ഒരു അക്കൗണ്ടന്റ്-കം-ഐടി അസിസ്റ്റന്റ് എന്നീ തസ്തികകൾ കൂടി താൽക്കാലിക അടിസ്ഥാനത്തിൽ പരമാവധി ഒരു വർഷത്തേയ്ക്ക് അനുവദിച്ചും തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിനായി പഞ്ചായത്തിലെ യാത്ര ദുഷ്കരമായ പ്രദേശങ്ങളിൽ എത്തിച്ചേരുന്നതിന് വാഹന സൗകര്യം ഉപയോഗിക്കുന്നതിന് പഞ്ചായത്തിന്റെ തനത് ഫണ്ട് 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് വിനിയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു.

2. മുണ്ടക്കൈ ചൂരൽമല ഉരുൾപ്പൊട്ടലുമായി ബന്ധപ്പെട്ട് മേപ്പാടി പഞ്ചായത്ത് തയ്യാറാക്കിയ ആക്ഷൻ പ്ലാൻ പ്രകാരം മെറ്റീരിയൽ പ്രവൃത്തികൾക്ക് മാത്രമായി 28,67,50,000/- രൂപയും പ്രളയവുമായി ബന്ധപ്പെട്ട് പുഴകളിലും തോടുകളിലും അടിഞ്ഞു കൂടിയ മണ്ണെടുത്തുമാറ്റി ആസ്തി

സൃഷ്ടിക്കുന്ന പ്രവൃത്തികൾക്കായി 6,46,00,000/- രൂപയും വകയിരുത്തിയിരുന്നുവെന്നും ടി പ്രവൃത്തികൾ 2024-25 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയുന്ന വിധത്തിൽ ഏറ്റെടുത്ത് നടപ്പിൽ വരുത്താനാണ് പഞ്ചായത്ത് ലക്ഷ്യമിട്ടിരുന്നതെങ്കിലും മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് കഴിയാത്ത സ്ഥിതിയാണെന്നും ആകെ 294 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിൽ 21.03.2025 വരെയായി 147 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും 41 പ്രവൃത്തികൾ ഓൺഗോയിംഗ് ആയി വിവിധ വാർഡുകളിൽ നടക്കുന്നുണ്ടെന്നും 5 8 പ്രവൃത്തികളുടെ ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്നും, ഈ സാഹചര്യത്തിൽ, ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും ഈ സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കും എന്ന നിബന്ധനയ്ക്ക് വിധേയമായി, വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിൽ ഉണ്ടായ ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പഞ്ചായത്തിന് മാത്രമായി അനുവദിച്ച ഇളവുകൾ ഒരു വർഷത്തേക്ക് കൂടി മാത്രം നീട്ടിനൽകണമെന്ന് പരാമർശം (3) പ്രകാരം MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച മേൽ വിവരിച്ച സാഹചര്യത്തിൽ, ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തിയാക്കണമെന്നും പുതിയ പദ്ധതികൾ ഉൾപ്പെടുത്തരുതെന്നും ഉള്ള നിബന്ധനകൾക്ക് വിധേയമായി, കഴിഞ്ഞ സാമ്പത്തിക വർഷം അംഗീകരിച്ച പദ്ധതികളുടെ പൂർത്തീകരണത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

മിഷൻ ഡയറക്ടർ, MGNREGS സ്റ്റേറ്റ് മിഷൻ, തിരുവനന്തപുരം
ജില്ലാ കളക്ടർ & ഡിസ്ട്രിക്ട് പ്രോഗ്രാം കോർഡിനേറ്റർ, വയനാട്
ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, കല്പറ്റ, വയനാട്
സെക്രട്ടറി, മേപ്പാടി ഗ്രാമ പഞ്ചായത്ത്, വയനാട്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, IKM, തിരുവനന്തപുരം
Web & New Media, I&PRD

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 23-05-2025 11:55:17
സെക്ഷൻ ഓഫീസർ

പകർപ്പ്.ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്